പുതിയ കെട്ടിടത്തിന് 85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്, ഇതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഡ്രെയിനേജ്, സെപ്റ്റിക് ടാങ്ക് ഇവയുടെ തകരാർ പരിഹരിക്കുന്നതിന് എച്ച്.എം.സി. മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി വിഭാഗത്തിലേയും മറ്റ് വിഭാഗങ്ങളുടെയും ഡോക്ടർ മാരുടെ നിലവിലുള്ള ഒഴിവുകൾ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് അടിയന്തരമായി നികത്തുന്നതാണ്.

V ക്രമപ്രശ്നം

റൂളിംഗിനു വിരുദ്ധമായ പത്രവാർത്ത

12.23 PM]

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ., ആർ. സെൽവരാജ് കഴിഞ്ഞദിവസം നടത്തിയ ചില പരാമർശങ്ങൾ റിക്കോർഡിൽ ഉണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി. പക്ഷേ ഈ കാര്യങ്ങളെല്ലാം പത്രങ്ങളിൽ വന്നു. അതിൽ ഒരു വാചകം, 'പുരുഷ എം.എൽ.എ.-മാരെ വനിതാ അംഗങ്ങൾ *** ***എന്നാണ്. ഇതിൽ പ്രതിഷേധിച്ച ശ്രീമതി. കെ. കെ. ലതികയോട് ' അവിടെ *** *** എന്ന് നിരവധി തവണ ആവർത്തിച്ചു ഇത് ആ എം.എൽ.എ.-യോട് പറഞ്ഞതാണ്, സത്യവുമാണ്. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ റിക്കാർഡിൽ ഉണ്ടാകില്ല എന്നുപറഞ്ഞ സാഹചര്യത്തിൽ ഈ വാചകങ്ങൾ ഒരു കാരണവശാലും ഒരു ജനപ്രതിനിധിയിൽനിന്നും പ്രതീക്ഷിക്കുന്നതല്ല. അത് ആ രൂപത്തിൽത്തന്നെ പത്രങ്ങളിൽ വരികയും ചെയ്തു. അപ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന് എന്ത് വിലയാണുള്ളത്? അത്തരം പരാമർശങ്ങൾ നീക്കം ചെയ്തുകഴിഞ്ഞാൽ സാധാരണഗതിയിൽ പത്രങ്ങളിൽ വരാൻ പാടില്ലാത്തതാണ്.

റൂളിംഗ്

12.24 PM]

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചത് വളരെ സീരിയസ്സായ ഒരു പ്രശ്നമാണ്. സഭാരേഖയിൽനിന്നും ഏതെങ്കിലും ഭാഗം സ്പീക്കർ നീക്കം ചെയ്താൽ അത് പ്രസിദ്ധീകരിക്കാൻ പാടില്ല. പക്ഷേ പലപ്പോഴും നീക്കം ചെയ്യുന്നഭാഗം മാധ്യമങ്ങൾ പ്രസിദ്ധീകരിക്കുന്നതായി കാണുന്നു. ഇത് വളരെ സീരിയസായി എടുക്കുകയാണ്. സഭാരേഖയിൽനിന്നും സ്പീക്കർ നീക്കംചെയ്യുന്ന ഒരുഭാഗവും മാധ്യമങ്ങൾ ഇനി പ്രസിദ്ധീകരിക്കാൻ പാടില്ലായെന്ന് ഒരിക്കൽകൂടി റൂളിംഗ് നൽകുന്നു.

*** 14-7-2015-ന് ബഹു. സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly